milma

# മലബാർ മേഖലാ സഹകരണ ക്ഷീരോൽപാദക യൂണിയൻ ലിമിറ്റഡ്

**ഹെഡ് ഓഫീസ്, പെരിങ്ങൊളം, കുന്ദമംഗലം, കോഴിക്കോട്, കേരളം - 673571**

Website: **www.mrcmpu.com** or **www.malabarmilma.com**

**No. MRU/PER/314/2025/1275** **തീയ്യതി: 03-11-2025**

## റിക്രൂട്ട്മെന്റ് നോട്ടിഫിക്കേഷൻ (മലയാളം)

മലബാർ മേഖല സഹകരണ ക്ഷീരോൽപാദക യൂണിയൻ ലിമിറ്റഡ് (MRCMPU Ltd- യൂണിയൻ) കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷനിൽ (മിൽമ) അഫിലിയേറ്റ് ചെയ്തിരിക്കുന്നതും, കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം, പാലക്കാട് എന്നീ റവന്യൂ ജില്ലകളിലെ പാലിന്റെ സംഭരണം, സംസ്കരണം, വിപണനം എന്നിവയിലും, പാൽ ഉത്പന്നങ്ങളുടെ ഉത്പാദനം, വിപണനം എന്നിവയിലും ഏർപ്പെട്ടിരിക്കുന്ന സഹകരണ സ്ഥാപനമാണ്. മലബാറിലെ എല്ലാ ജില്ലകളിലും അത്യന്താധുനിക സംവിധാനങ്ങളോട് കൂടിയ സംസ്കരണ യൂണിറ്റുകളുള്ള ഈ സ്ഥാപനത്തിന് ഏകദേശം 2000 കോടി രൂപയുടെ വാർഷിക വിറ്റുവരവുണ്ട്.

മലബാർ മേഖലാ യൂണിയൻ താഴെപ്പറയുന്ന സ്ഥിരം തസ്തികകളിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്ന് അപേക്ഷകൾ ക്ഷണിക്കുന്നു.

**പട്ടിക 1**

| ക്രമ നമ്പർ | തസ്തികയുടെ പേര് | ശമ്പള സ്കെയിൽ (രൂപ)* | ഒഴിവുകളുടെ എണ്ണം | സംവരണം |
|---|---|---|---|---|
| 1 | അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) | 50320-101560 | 2 | ജനറൽ - 1, SC/ST - 1 |
| 2 | അസിസ്റ്റന്റ് മാർക്കറ്റിംഗ് ഓഫീസർ | 50320-101560 | 4 | ജനറൽ - 3, SC/ST - 1 |
| 3 | അസിസ്റ്റന്റ് ഡെയറി ഓഫീസർ | 50320-101560 | 7 | ജനറൽ - 6, SC/ST - 1 |
| 4 | അസിസ്റ്റന്റ് എച്ച്.ആർ.ഡി ഓഫീസർ | 50320-101560 | 1 | ജനറൽ - 1 |
| 5 | അസിസ്റ്റന്റ് ക്വാളിറ്റി അഷ്വറൻസ് ഓഫീസർ | 50320-101560 | 3 | ജനറൽ - 3 |
| 6 | അസിസ്റ്റന്റ് ഫിനാൻസ് ഓഫീസർ | 50320-101560 | 1 | ജനറൽ - 1 |
| 7 | അസിസ്റ്റന്റ് വെറ്ററിനറി ഓഫീസർ | 50320-101560 | 1 | ജനറൽ - 1 |

| | | | | |
|---|---|---|---|---|
| 8 | അസിസ്റ്റന്റ് പർച്ചേസ് ഓഫീസർ | 50320-101560 | 3 | ജനറൽ - 2, PH - 1 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻസ്ട്രുമെന്റേഷൻ) – പ്രോജക്ട്സ് | 50320-101560 | 1 | ജനറൽ - 1 |
| 10 | അസിസ്റ്റന്റ് എഞ്ചിനീയർ (മെക്കാനിക്കൽ) – പ്രോജക്ട്സ് | 50320-101560 | 1 | ജനറൽ - 1 |
| 11 | അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) – പ്രോജക്ട്സ് | 50320-101560 | 1 | ജനറൽ - 1 |
| 12 | അസിസ്റ്റന്റ് ഡെയറി ഓഫീസർ – പ്രോജക്ട്സ് | 50320-101560 | 4 | ജനറൽ - 4 |
| 13 | സിസ്റ്റം സൂപ്പർവൈസർ | 39640-101560 | 5 | ജനറൽ - 4, SC/ST - 1 |
| 14 | മാർക്കറ്റിംഗ് ഓർഗനൈസർ | 34640-93760 | 3 | ജനറൽ - 2, SC/ST - 1 |
| 15 | ജൂനിയർ അസിസ്റ്റന്റ് | 29490-85160 | 24 | ജനറൽ - 21, SC/ST - 2, PH - 1 |
| 16 | ജൂനിയർ സൂപ്പർവൈസർ (പി&ഐ) | 29490-85160 | 10 | ജനറൽ - 9, SC/ST - 1 |
| 17 | മാർക്കറ്റിംഗ് അസിസ്റ്റന്റ് | 29490-85160 | 1 | ജനറൽ - 1 |
| 18 | ലാബ് അസിസ്റ്റന്റ് | 29490-85160 | 4 | ജനറൽ - 3, SC/ST - 1 |
| 19 | ടെക്നീഷ്യൻ ഗ്രേഡ് II (MRAC) | 29490-85160 | 4 | ജനറൽ - 3, SC/ST - 1 |
| 20 | ടെക്നീഷ്യൻ ഗ്രേഡ് II (ഇലക്ട്രീഷ്യൻ) | 29490-85160 | 9 | ജനറൽ - 8, SC/ST - 1 |
| 21 | ടെക്നീഷ്യൻ ഗ്രേഡ് II (ഇലക്ട്രോണിക്സ്) | 29490-85160 | 3 | ജനറൽ – 2, SC/ST - 1 |
| 22 | ടെക്നീഷ്യൻ ഗ്രേഡ് II (ബോയിലർ/ഫിറ്റർ) | 29490-85160 | 1 | ജനറൽ - 1 |
| 23 | പ്ലാന്റ് അസിസ്റ്റന്റ് ഗ്രേഡ് III | 23000-56240 | 47 | ജനറൽ - 39, SC/ST - 4, PH - 4 |

*(കേന്ദ്ര സർക്കാർ വിജ്ഞാപന പ്രകാരമുള്ള ക്ഷാമബത്ത, യൂണിയന്റെ നിയമങ്ങൾ പ്രകാരമുള്ള അടിസ്ഥാന ശമ്പളത്തിന്റെ 10% നിരക്കിൽ വീട്ടു വാടക അലവൻസ്, മറ്റ് സർവീസ് ആനുകൂല്യങ്ങൾ എന്നിവ പുറമെ ലഭിക്കും)

## വ്യവസ്ഥകളും നടപടിക്രമങ്ങളും

- മലബാർ മേഖല സഹകരണ ക്ഷീരോൽപാദക യൂണിയൻ ലിമിറ്റഡ് നമ്പർ D89 (D) യിൽ അഫിലിയേറ്റ് ചെയ്തിരിക്കുന്ന ആനന്ദ് മാതൃക ക്ഷീര സഹകരണ സംഘങ്ങളിലെ (APCOS) സ്ഥിരം ജീവനക്കാർക്കായി എല്ലാ തസ്തികകളിലും 50% ഒഴിവുകൾ സംവരണം ചെയ്തിരിക്കുന്നു. എന്നാൽ അവർ വിജ്ഞാപനം പ്രകാരമുള്ള നിശ്ചിത യോഗ്യതകളും, ആനന്ദ് മാതൃക ക്ഷീര സഹകരണ സംഘങ്ങളിൽ കുറഞ്ഞത് 3 വർഷത്തെ സ്ഥിരം സേവനം ഉള്ളവരും നിലവിൽ സേവനത്തിൽ തുടരുന്നവരും ആയിരിക്കണം. ഇത്തരത്തിൽ സംവരണം ചെയ്തിരിക്കുന്ന ഒഴിവുകൾ നികത്തുന്നതിന് ആവശ്യമായ ഉദ്യോഗാർത്ഥികളെ മേൽ വിഭാഗത്തിൽ ലഭിക്കാത്ത പക്ഷം ടി ഒഴിവുകൾ ജനറൽ വിഭാഗത്തിൽ നിന്നും നികത്തുന്നതാണ്.
- മലബാർ മേഖല യൂണിയനുമായി അഫിലിയേറ്റ് ചെയ്തിരിക്കുന്ന APCOS –ൽ അംഗമായ ക്ഷീരകർഷകർ, അല്ലെങ്കിൽ അംഗമായ ക്ഷീരകർഷകരുടെ ആശ്രിതർ എന്ന വിഭാഗത്തിൽ പെടുന്നവർക്ക് ടിയാളുകൾക്ക് എഴുത്ത് പരീക്ഷയിൽ അവർ നേടിയ മാർക്കിന്റെ അടിസ്ഥാനത്തിൽ പരമാവധി 10% നിരക്കിൽ നിബന്ധനകൾക്ക് വിധേയമായി വെയിറ്റേജ് മാർക്കിന് അർഹതയുണ്ട്.
- വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള ജൂനിയർ അസിസ്റ്റന്റ്, ജൂനിയർ സൂപ്പർവൈസർ (പി&ഐ), പ്ലാന്റ് അസിസ്റ്റന്റ് ഗ്രേഡ് III എന്നീ തസ്തികകൾ ഒഴികെയുള്ള മുഴുവൻ തസ്തികളിലെയും എഴുത്തു പരീക്ഷയുടെ ഭാഷ ഇംഗ്ലീഷ് ആയിരിക്കും. ജൂനിയർ അസിസ്റ്റന്റ്, ജൂനിയർ സൂപ്പർവൈസർ (പി&ഐ) എന്നീ തസ്തികളികളിലെ എഴുത്ത് പരീക്ഷയുടെ ഭാഷ ഇംഗ്ലീഷും മലയാളവും, പ്ലാന്റ് അസിസ്റ്റന്റ് ഗ്രേഡ് III തസ്തികയിലേക്കുള്ള എഴുത്തു പരീക്ഷ പൂർണമായും മലയാളത്തിലും ആയിരിക്കും.
- ജനറൽ വിഭാഗത്തിൽ അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് 01.01.2025 തീയതിയിൽ 40 വയസ്സ് പൂർത്തിയാവാൻ പാടുള്ളതല്ല. (02.01.1985 നും 01.01.2007 നും ഇടയിൽ ജനിച്ചവരായിരിക്കണം)
- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഉയർന്ന പ്രായപരിധിയിൽ 5 വർഷത്തെ ഇളവ് ലഭിക്കുന്നതാണ്. (02.01.1980 നും 01.01.2007 നും ഇടയിൽ ജനിച്ചവരായിരിക്കണം)
- ഒ.ബി.സി, എക്സ് സർവീസ്മെൻ വിഭാഗങ്ങളിൽ അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് ഉയർന്ന പ്രായപരിധിയിൽ 3 വർഷത്തെ ഇളവ് ലഭിക്കുന്നതാണ്. (02.01.1982 നും 01.01.2007 നും ഇടയിൽ ജനിച്ചവരായിരിക്കണം)
- മേഖല യൂണിയനിൽ അംഗങ്ങളായ ആനന്ദ് മാതൃക ക്ഷീര സഹകരണ സംഘങ്ങളിലെ സ്ഥിരം ജീവനക്കാർക്ക് ഉയർന്ന പ്രായപരിധി 50 വയസ്സാണ്. (02.01.1975 നും 01.01.2007 നും ഇടയിൽ ജനിച്ചവരായിരിക്കണം)
- അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾ ഇന്ത്യൻ പൗരത്വം ഉള്ളവർ ആയിരിക്കണം.
- എഴുത്തു പരീക്ഷയിൽ കുറഞ്ഞത് 50% ശതമാനം മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികൾ മാത്രമേ അടുത്ത ഘട്ടത്തിലേക്ക് യോഗ്യത നേടുകയുള്ളൂ.
- യോഗ്യരായ ഉദ്യോഗാർത്ഥികളെ അന്തിമമായി തിരഞ്ഞെടുക്കുന്നത് എഴുത്തു പരീക്ഷ, നൈപുണ്യ പരിശോധന (ബാധകമായ തസ്തികൾക്ക് മാത്രം), ഗ്രൂപ്പ് ഡിസ്കഷൻ (ബാധകമായ തസ്തികൾക്ക് മാത്രം), കൂടിക്കാഴ്ച (ബാധകമായ തസ്തികൾക്ക് മാത്രം) എന്നിവയിലൂടെ ആയിരിക്കും.

- മലബാർ മേഖലാ യൂണിയനിൽ ഈ വിജ്ഞാപനത്തിലൂടെ സ്ഥിര നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് മലബാർ മേഖലാ യൂണിയന്റെ സഹോദര യൂണിയനുകളായ തിരുവനന്തപുരം, എറണാകുളം മേഖലാ യൂണിയനുകളിലേക്കോ, അപക്സ് സ്ഥാപനമായ കേരള സഹകരണ ക്ഷീര വിപണന ഫെഡറേഷനിലേക്കോ പ്രൊബേഷൻ കാലയളവിലോ അതിനുശേഷമോ സ്ഥലം മാറ്റത്തിനോ, ഡെപ്യൂട്ടേഷനോ, പരസ്പരമുള്ള സ്ഥലം മാറ്റത്തിനോ അർഹത ഉണ്ടായിരിക്കുന്നതല്ല.
- മലബാർ മേഖലാ യൂണിയനിൽ സ്ഥിര നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ പ്രൊബേഷൻ കാലയളവിലോ അതിനുശേഷമോ മലബാർ മേഖല യൂണിയൻ നിർദ്ദേശിക്കുന്ന മേഖല യൂണിയന്റെ കീഴിലെ ഏത് യൂണിറ്റിലേക്കോ, ഓഫീസിലേക്കോ, സ്ഥാനത്തേക്കോ ഏതുസമയത്തും സ്ഥലം മാറ്റത്തിന് വിധേയരായിരിക്കും.
- മലബാർ മേഖലാ യൂണിയനിൽ സ്ഥിര നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ, ടിയാളുകൾ മലബാർ മേഖല യൂണിയനിൽ മൂന്ന് (3) വർഷം തുടർച്ചയായി സേവനമനുഷ്ഠിച്ചുകൊള്ളാമെന്ന ഉറപ്പ് നൽകിക്കൊണ്ടുള്ള കരാറിൽ നിശ്ചിത വ്യവസ്ഥകൾക്ക് അനുസൃതമായി ഏർപ്പെടേണ്ടതാണ്.
- മലബാർ മേഖലാ യൂണിയനിൽ സ്ഥിര നിയമനം ലഭിക്കുന്ന ഉദ്യോഗാർത്ഥികൾ നിർബന്ധമായും യൂണിയൻ നിഷ്കർഷിക്കുന്ന കാലയളവിൽ ഉള്ള റസിഡൻഷ്യൽ ഓറിയന്റേഷൻ / ഇൻഡക്ഷൻ ട്രെയിനിങ്ങിൽ പങ്കെടുക്കുകയും വിജയകരമായി പൂർത്തീകരിക്കുകയും ചെയ്യേണ്ടതാണ്.

## പട്ടിക 2

**അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖകൾ**

| ക്രമ നമ്പർ | സമർപ്പിക്കേണ്ട രേഖ |
|---|---|
| 1 | 6 മാസത്തിനുള്ളിൽ എടുത്ത പാസ്പോർട്ട് സൈസ് ഫോട്ടോ |
| 2 | ആധാർ കാർഡ് അല്ലെങ്കിൽ വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ് അല്ലെങ്കിൽ ഡ്രൈവിംഗ് ലൈസൻസ് അല്ലെങ്കിൽ ഇന്ത്യൻ പാസ്പോർട്ട് |
| 3 | വിശദമായ ഇംഗ്ലീഷ് വിജ്ഞാപനത്തിലെ പട്ടിക L ൽ പ്രതിപാദിച്ചിരിക്കുന്ന സംവരണ ആനുകൂല്യം ലഭിക്കുന്നതിനായുള്ള സെർട്ടിഫിക്കറ്റുകൾ (ബാധകം ആണെങ്കിൽ മാത്രം) |
| 4 | വിശദമായ ഇംഗ്ലീഷ് വിജ്ഞാപനത്തിലെ പട്ടിക M ൽ പ്രതിപാദിച്ചിരിക്കുന്ന വയസ്സ് ഇളവ് ലഭിക്കുന്നതിനായുള്ള സെർട്ടിഫിക്കറ്റുകൾ (ബാധകം ആണെങ്കിൽ മാത്രം) |
| 5 | വിശദമായ ഇംഗ്ലീഷ് വിജ്ഞാപനത്തിലെ ഉപ തലകെട്ട് (G) 'Weightage' ൽ പ്രതിപാദിച്ചിരിക്കുന്ന ക്ഷീരകർഷകർക്കും അവരുടെ ആശ്രിതർക്കും മുൻഗണന ലഭിക്കുന്നതിനായുള്ള സെർട്ടിഫിക്കറ്റ്. (ബാധകം ആണെങ്കിൽ മാത്രം) |
| 6 | വിശദമായ ഇംഗ്ലീഷ് വിജ്ഞാപനത്തിലെ പട്ടിക A, B, C എന്നിവയിൽ പ്രതിപാദിച്ചിരിക്കുന്ന വിദ്യാഭ്യാസ യോഗ്യതകളും പ്രവർത്തി പരിചയ യോഗ്യതകളും (ബാധകമായത്) തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ. |

- ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന രേഖകൾ തമ്മിൽ വ്യത്യാസങ്ങൾ /മാറ്റങ്ങൾ ഉണ്ടെങ്കിൽ അത്തരം ഘട്ടങ്ങളിൽ ONE AND THE SAME സർട്ടിഫിക്കറ്റ് പ്രമാണ പരിശോധന സമയത്ത് ഉദ്യോഗാർത്ഥി ഹാജരാക്കേണ്ടതാണ്.

- റാങ്ക് പട്ടികയുടെ കാലാവധി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്ന തിയ്യതി മുതൽ 2 വർഷത്തേക്ക് ആയിരിക്കും.
- നിയമന നടപടിക്രമങ്ങൾ മേഖല യൂണിയന് ബാധകമായ റിക്രൂട്ട്മെന്റ് ആൻഡ് പ്രൊമോഷൻ റൂൾസ്, കേരള സർക്കാരിന്റെ മാർഗനിർദ്ദേശങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ആയിരിക്കും.
- ഈ വിജ്ഞാപനത്തിലെ പട്ടിക 1 ൽ പ്രതിപാദിച്ചിരിക്കുന്ന ക്രമ നമ്പർ 1 മുതൽ 12 വരെ ഉള്ള വിഭാഗത്തിലുള്ള എല്ലാ തസ്തികളിലേക്കും അപേക്ഷ ഫീസ് 1000 രൂപയും, ക്രമ നമ്പർ 13 മുതൽ 22 വരെ ഉള്ള വിഭാഗത്തിലുള്ള എല്ലാ തസ്തികളിലേക്കും അപേക്ഷ ഫീസ് 700 രൂപയും, ക്രമ നമ്പർ 23 ൽ ഉള്ള വിഭാഗത്തിന് അപേക്ഷ ഫീസ് 500 രൂപയും ആണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പട്ടിക 1 ൽ പ്രതിപാദിച്ചിരിക്കുന്ന ക്രമ നമ്പർ 1 മുതൽ 23 വരെ ഉള്ള വിഭാഗത്തിലുള്ള എല്ലാ തസ്തികളിലേക്കും അപേക്ഷ ഫീസിൽ 50 ശതമാനം ഇളവ് ഉണ്ടായിരിക്കുന്നതാണ്.
- മിൽമ നേരിട്ട് നടത്തുന്നത് അല്ലാതെ ഉള്ള സാമൂഹ്യ മാധ്യമങ്ങളിൽ വരുന്ന വാർത്തകളുമായി യൂണിയന് യാതൊരു ബന്ധവും ഇല്ലാത്തതിനാൽ ഇക്കാര്യത്തിൽ യൂണിയന് യാതൊരുവിധ ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.
- എല്ലാ വിവരങ്ങൾക്കും നിർദ്ദേശങ്ങൾക്കും ഉദ്യോഗാർത്ഥികൾ മലബാർ മിൽമയുടെ ഔദ്യോഗിക വെബ്സൈറ്റായ **www.malabarmilma.com** അല്ലെങ്കിൽ **www.mrcmpu.com** - ൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഇംഗ്ലീഷ് ഭാഷയിലുള്ള വിശദമായ റിക്രൂട്ട്മെന്റ് വിജ്ഞാപനം (No.MRU/PER/314/2025/1275 -DETAILED dated 03-11-2025) പരിശോധിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികളുമായുള്ള എല്ലാ ആശയവിനിമയങ്ങളും, ഉദ്യോഗാർത്ഥികൾ അപേക്ഷാ സമയത്ത് രജിസ്റ്റർ ചെയ്ത ഇ–മെയിൽ വിലാസം വഴിയും മൊബൈൽ നമ്പർ/ വാട്സാപ്പ് വഴിയും മാത്രമേ നടത്തുകയുള്ളൂ.

നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് മലബാർ മേഖലാ യൂണിയന്റെ വെബ്സൈറ്റായ **www.malabarmilma.com** അല്ലെങ്കിൽ **www.mrcmpu.com** ലെ '**RECRUITMENT 2025**' എന്ന മെനുവിൽ നൽകിയിരിക്കുന്ന ലിങ്ക് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാം.

**അപേക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കുന്ന തീയതി :**
**06-11-2025, രാവിലെ 11.00 മണി.**

**ഓൺലൈൻ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി :**
**27-11-2025, വൈകുന്നേരം 5.00 മണി.**

മലയാളത്തിൽ ഉള്ള ഈ വിജ്ഞാപനം ഒരു കാരണവശാലും ആധികാരിക രേഖ ആയി കണക്കാക്കേണ്ടതില്ല. ഇംഗ്ലീഷിൽ തയ്യാറാക്കി യൂണിയന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള **No.MRU/PER/314/2025/1275 - DETAILED dated 03-11-2025** എന്ന വിജ്ഞാപനം ആണ് ആധികാരിക വിജ്ഞാപനമായി കണക്കാക്കേണ്ടത്.

**(S/d)**

**ആസിഫ് കെ. യൂസഫ് IAS**
**റിക്രൂട്ട്മെന്റ് കമ്മിറ്റിയുടെ കൺവീനർ &**
**മാനേജിംഗ് ഡയറക്ടർ മിൽമ**